ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം
# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
നമ്പർ 6872/സി.പി.എസ്.റ്റി ബി3/2014 / നി.സെ. 13 .01.2015

## പരിപത്രം

വിഷയം:- കേരള നിയമസഭ - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷയും രജിസ്ട്രേഷനും സംബന്ധിച്ച്.

കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ (സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ) 2014 ലെ ആദ്യ ബാച്ചിന്റെ പരീക്ഷാ **2015 ഏപ്രിൽ 11, 12** എന്നീ തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.പരീക്ഷാകേന്ദ്രം പിന്നാലെ അറിയിക്കുന്നതാണ്.

രണ്ടാമത്തെ ഗഡു ട്യൂഷൻ ഫീസ് അടച്ച എല്ലാ പഠിതാക്കൾക്കും പരീക്ഷയുടെ അപേക്ഷാ ഫോറവും, അസൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും രജിസ്റ്റേർഡ് തപാലിൽ അയച്ചിട്ടുണ്ട്. **നിശ്ചിത തീയതിയ്ക്കുള്ളിൽ പരീക്ഷാ ഫീസ് അടച്ച് പരീക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിച്ചില്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സിന്റെ രജിസ്ട്രേഷൻ റദ്ദാകുന്നതാണ്. രജിസ്ട്രേഷൻ റദ്ദാകുന്നപക്ഷം പരീക്ഷയെഴുതുന്നതിന് കോഴ്സിന് പുതിയതായി പ്രവേശനം നേടേണ്ടതാണ്.**

പരീക്ഷാ ഫീസ് അടച്ചതിന്റെ ഡിമാന്റ് ഡ്രാഫ്റ്റ്/ പേ-ഇൻ-സ്ലിപ്പ്, പഠിതാക്കൾ തയ്യാറാക്കിയ അസൈൻമെന്റ് എന്നിവ സഹിതം പൂരിപ്പിച്ച അപേക്ഷ **15.01.2015** ന് മുൻപ് "അണ്ടർ സെക്രട്ടറി, റൂം. നം. 711, പാർലമെന്ററി പഠന പരിശീലന കേന്ദ്രം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695033" എന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാലിൽ അയയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്/ പേ-ഇൻ-സ്ലിപ്പ് എന്നിവ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകളും, വൈകി ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല.

തോമസ് ചെട്ടുപറമ്പിൽ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ